5. മേഖലാ കേന്ദ്രങ്ങൾ

(1) തിരുവനന്തപുരം ജില്ല
(2) എറണാകുളം ജില്ല

6. എക്സ്റ്റൻഷൻ സെൻറർ

തിരൂർ, മലപ്പുറം ജില്ല

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ ആരംഭിച്ച സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. എഞ്ചിനീയറിംഗ് കോളേജുകൾ

ആറന്നിങ്ങൽ, കൊട്ടാരക്കര, ചേർത്തല

2. അപ്ലൈഡ് സയൻസ് കോളേജുകൾ

വലപ്പാട്, വട്ടംകുളം, വാഴക്കാട്, നാദാപുരം

3. ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂൾ

കുടപ്പനക്കുന്ന്, ആറന്നിങ്ങൽ, പെരിന്തൽമണ്ണ, പെരിശ്ശേരി, കൊടുവള്ളി, അടൂർ, മൂത്തുവല്ലൂർ, ആറൻമുള, ചേറുവ, വടിയം, കവണ്ണൂർ, ചടയമംഗലം, താമരശ്ശേരി, ചേർത്തല, ചീമേനി, അയിലൂർ, ആലുവ.

(സി) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

ഇടക്കുന്നം ഗവൺമെൻറ് യു. പി. എസ്.-നെ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്താൻ നടപടി

56 [2362] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽപ്പെട്ട നൂറനാട് പഞ്ചായത്തിലെ ഇടക്കുന്നം ഗവൺമെൻറ് യു. പി. സ്കൂൾ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഈ അദ്ധ്യയനവർഷം ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ടെക്നിക്കൽ സ്കൂളുകൾ പുതുതായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി) സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി ടെക്നിക്കൽ സ്കൂളുകൾ ഒന്നും അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly